# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാചോദ്യം നമ്പർ.715 — 29/11/2018 ൽ മറുപടിയ്ക്ക്

### കൺസ്യൂമർഫെഡ്

| | ചോദ്യം<br>ശ്രീ. എ.പി അനിൽകുമാർ | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പൊതുവിപണിയിൽ ഇടപ്പെട്ട് വിലക്കയറ്റം നിയന്ത്രിക്കുന്നതിന് കൺസ്യൂമർ ഫെഡ് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പൊതു വിപണിയിൽ ഇടപ്പെട്ട് വിലക്കയറ്റം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി എല്ലാവർഷവും ഓണം, ക്രിസ്തുമസ്, റംസാൻ തുടങ്ങിയ ഉത്സവ കാലങ്ങളിൽ സബ്സിഡി വിൽപ്പന നടത്തി വരുന്നുണ്ട്.<br>2017-ൽ അരിയുടെ വില ക്രമാതീതമായി വർദ്ധിച്ച സാഹചര്യത്തിൽ കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ കൺസോർഷ്യം രൂപീകരിച്ച് സഹകരണ സംഘങ്ങളിലൂടെ അരി വിതരണം നടത്തി വിലക്കയറ്റം നിയന്ത്രിച്ചു.<br>സ്കൂൾ അദ്ധ്യയന വർഷം ആരംഭിക്കുന്ന സമയത്ത് ഗുണനിലവാരമുള്ള നോട്ട്ബുക്ക്, പഠനോപകരണങ്ങൾ എന്നിവ കുറഞ്ഞവിലയ്ക്ക് വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്ന തിനായി സ്റ്റുഡന്റ്സ് മാർക്കറ്റുകൾ നടത്തി വരുന്നു.<br>പൊതു വിപണിയിൽ നിന്നും വിലക്കുറവിൽ നിത്യോപയോഗ സാധനങ്ങൾ ത്രിവേണി/നീതി സ്റ്റോറുകളിലൂടെ ഉപഭോക്താക്കൾക്ക് നൽകിവരുന്നു. |
| ബി) | കൺസ്യൂമർഫെഡ് മുൻകൈ എടുത്ത് 2000 നീതി സ്റ്റോറുകളും 1500 നീതി മെഡിക്കൽ സ്റ്റോറുകളും ആരംഭിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അത് പ്രാവർത്തികമാക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | ബി) | പ്രാഥമിക സഹകരണ സംഘങ്ങളുടെ ബൈലാ വ്യവസ്ഥകൾക്ക് വിധേയമായി ഭരണ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷ ലഭ്യമാക്കുന്ന മുറയ്ക്ക് അനുയോജ്യമായ സാമ്പത്തിക സ്ഥിതിയുള്ള സംഘങ്ങൾക്ക് നീതി സ്റ്റോർ, നീതി മെഡിക്കൽ സ്റ്റോർ എന്നിവ ആരംഭിക്കുന്നതിന് അനുമതി നൽകി വരുന്നു. ഇതുവരെ 194 നീതി സ്റ്റോറുകളും 214 നീതി മെഡിക്കൽ സ്റ്റോറുകളും ആരംഭിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| | | പ്രഖ്യാപന പ്രകാരമുള്ള സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ നീക്കി ഈ സാമ്പത്തിക വർഷം തന്നെ ലക്ഷ്യം കൈവരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ